(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിലെ 9(1)(സി) വകുപ്പിന്റെ അടിസ്ഥാനത്തിൽ ടി നിയമത്തിലെ 45 (ബി) വകുപ്പുപ്രകാരം നടപടി സ്വീകരിച്ച അണ്ടർ വാല്യുവേഷൻ കേസുകളിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി പൊതുതാത്പര്യാർത്ഥം മുദ്രവില/ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഇളവ് നൽകിക്കൊണ്ട് കോമ്പൗണ്ടിംഗ് പദ്ധതി നടപ്പിലാക്കിയിരുന്നു. ടി പദ്ധതിയുടെ കാലാവധി 31-3-2014-ൽ അവസാനിച്ചു.

(ബി) ആധാരങ്ങളിൽ വില കുറച്ചുകാണിച്ചതുമായി ബന്ധപ്പെട്ട് 1986 മുതൽ 31-3-2012 വരെ കാലയളവിലുള്ള കുടിശ്ശിക അണ്ടർ വാല്യുവേഷൻ കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കി സർക്കാരിലേക്ക് ലഭിക്കാനുള്ള റവന്യൂ വരുമാനം സമാഹരിക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(സി) ഈ പദ്ധതിയിലൂടെ 31-3-2014 വരെ 1,31,174 കേസുകൾ തീർപ്പാക്കിയതിലൂടെ 30.36 കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

259 (7230) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) 1997-നുശേഷം രജിസ്റ്റർ ചെയ്ത ഭൂമിക്ക് വിലകുറച്ച് കാണിച്ചതിനാൽ സ്റ്റാമ്പ് ഡ്യൂട്ടിയിൽവന്ന കുറവ് തിരിച്ചുപിടിക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആരംഭിച്ചിരുന്നുവോ ; ഇതുപ്രകാരം എത്രപേർ തിരിച്ചടവ് പൂർത്തിയാക്കിയെന്നുള്ള വിവരം ജില്ലതിരിച്ച് അറിയിക്കുമോ ;

(സി) എത്രപേർ ഇനിയും ആയത് തിരിച്ചടയ്ക്കാനുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഒറ്റത്തവണ തീർപ്പാക്കൽപദ്ധതി പ്രയോജനപ്പെടുത്താൻ വീണ്ടും അവസരം നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-12 സാമ്പത്തികവർഷം വരെയുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തെ രജിസ്ട്രേഷൻ വകുപ്പിന്റെ ഭരണ റിപ്പോർട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും ആയത് പരിശോധിച്ചിട്ട് പ്രസ്തുത ഭരണ റിപ്പോർട്ട് അംഗീകരിച്ച് 28-5-2013-ലെ ജി.ഒ.(ആർ.ടി.)431/2013/നിവ നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിരുന്നു. പ്രസ്തുത പദ്ധതിയുടെ കാലാവധി 31-3-2014-ന് അവസാനിച്ചു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തുക അടച്ച് തീർപ്പാക്കിയ കേസുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ജില്ല	എണ്ണം
തിരുവനന്തപുരം	9010
കൊല്ലം	6017
പത്തനംതിട്ട	4099
ആലപ്പുഴ	10445
കോട്ടയം	12168
ഇടുക്കി	6416
എറണാകുളം	23846
തൃശ്ശൂർ	18909
പാലക്കാട്	7515
മലപ്പുറം	13176
കോഴിക്കോട്	7171
വയനാട്	1705
കണ്ണൂർ	7853
കാസർഗോഡ്	2844
ആകെ	131174

(സി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	എണ്ണം
തിരുവനന്തപുരം	161792
കൊല്ലം	28031
പത്തനംതിട്ട	31804
ആലപ്പുഴ	57255
കോട്ടയം	44424
ഇടുക്കി	62093
എറണാകുളം	95109
തൃശ്ശൂർ	88093
പാലക്കാട്	66943
മലപ്പുറം	161760
കോഴിക്കോട്	121119
വയനാട്	45940
കണ്ണൂർ	98410
കാസർഗോഡ്	16174
ആകെ	1076947

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിന് ഭൂമി രജിസ്ട്രേഷനിൽ ഫീസ് ഇളവ്

260 (7231) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനായി സ്വകാര്യഭൂമി രജിസ്റ്റർ ചെയ്തുനൽകുന്നതിന് രജിസ്ട്രേഷൻ ഫീസിൽ ഇളവ് അനുവദിക്കാറുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇപ്രകാരം ഭൂമി രജിസ്റ്റർ ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത കാര്യങ്ങളുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly